**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5815 27-10-2011-ലെ മറുപടിക്ക്

**നാളികേര വികസനം ലക്ഷ്യമിട്ടുള്ള പദ്ധതികളുടെ പുരോഗതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം. ഷാജി<br>,, എൻ.എ. നെല്ലിക്കുന്ന്<br>,, കെ.എൻ.എ. ഖാദർ<br>,, വി.എം. ഉമ്മർ മാസ്റ്റർ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) നാളികേര വികസനം ലക്ഷ്യമിട്ടുള്ള പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം നൽകാമോ; | (എ) കേരശ്രീ നാളികേര ക്ലസ്റ്ററുകൾ വഴിയുള്ള പദ്ധതി നാളികേര വികസന ബോർഡു വഴി തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലെ പൈലറ്റ് പ്രോജക്ട്, കുട്ടനാട് പാക്കേജ്, ഇടുക്കി പാക്കേജ് എന്നിവയുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. |
| (ബി) കഴിഞ്ഞ അഞ്ചുവർഷക്കാലം നാളികേര വികസന പദ്ധതി പ്രകാരം ഏതൊക്കെ പ്രോജക്ടുകൾ ഏറ്റെടുത്തു നടപ്പാക്കിയിട്ടുണ്ട്; | (ബി) കഴിഞ്ഞ അഞ്ചുവർഷക്കാലം നാളികേര വികസന പദ്ധതി പ്രകാരം കൃഷി വകുപ്പ് നടപ്പാക്കിയ പ്രോജക്ടുകൾ:<br>**2006-2007**<br>1. നാളികേര വികസന ബോർഡ് പദ്ധതി.<br>2. നാളികേര വികസന പദ്ധതി.(സംസ്ഥാനാവിഷ്കൃതം)<br>**2007-2008**<br>1. തെങ്ങിൻതോട്ടങ്ങളിലെ സംയോജിത കൃഷി രീതികൾ;<br>2. പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കൽ.<br>3. ജൈവ വള യൂണിറ്റ് സ്ഥാപിക്കൽ.<br>4. കേരശ്രീ നാളികേര വികസന പദ്ധതി.<br>**2008-2009**<br>1. നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ.<br>2. കേരശ്രീ.<br>3. കോഴിക്കോട് ജില്ലയിലെ തൂണേരി, |

കുന്നുമ്മേൽ ബ്ലോക്കുകളിലെ പ്രത്യേക കൂമ്പ് ചീയൽ രോഗനിവാരണ പദ്ധതി.

**2009-2010**

1. നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ, പ്രദർശന തോട്ടങ്ങൾ;
2. കേരശ്രീ പദ്ധതി.

**2010-2011**

1. നാളികേര കൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ.
2. കേരശ്രീ പദ്ധതി.
3. ഇടുക്കി പാക്കേജ്.
4. കുട്ടനാട് പാക്കേജ്.
5. രാഷ്ട്രീയ കൃഷി വികാസ് യോജന.
6. തെങ്ങുകൃഷി പുന:രുദ്ധാരണ പദ്ധതി.

(സി) സംയോജിത കൃഷിയുടെ പ്രദർശന പ്ളോട്ടുകൾ വികസിപ്പിക്കുന്നതിന് നടപ്പുവർഷത്തെ ലക്ഷ്യമെന്താണെന്ന് വിശദമാക്കുമോ; പ്ളോട്ടുകൾ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡമെന്താണെന്ന് വിശദമാക്കുമോ?

(സി) 2011-12 വർഷത്തിൽ നാളികേര വികസന ബോർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കുന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതിയാണ് തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ. 300 ഹെക്ടർ സ്ഥലത്ത് ഒന്നാം വർഷ പ്രദർശനത്തോട്ടമായും 300 ഹെക്ടർ സ്ഥലത്ത് രണ്ടാം വർഷ പ്രദർശനത്തോട്ടമായും സ്ഥാപിക്കാനാണ് പദ്ധതി ലക്ഷ്യം. പത്തനംതിട്ട, കോട്ടയം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പാക്കുക. 105 ലക്ഷം രൂപയാണിതിനായി വകയിരുത്തിയിട്ടുള്ളത്.

പ്ലോട്ടുകൾ തെരഞ്ഞെടുക്കുന്നതിന് താഴെ പറയുന്ന മാനദണ്ഡങ്ങളാണ് പാലിക്കേണ്ടത്.

1 ജലസേചന സൗകര്യമുള്ള പ്രദേശങ്ങൾക്ക് മുൻഗണന കൊടുക്കണം.
2. കിണർ, പമ്പുസെറ്റ് തുടങ്ങിയവ കൂടാതെ പശു ആട്, കോഴി വളർത്തൽ ഉള്ള കർഷക ഗ്രൂപ്പുകൾക്ക് പ്രാധാന്യം നൽകേണ്ടതാണ്.
3. മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നവരെ പരിഗണിക്കേണ്ടതാണ്.
4. സുസ്ഥിരവും ഊർജ്ജിത സംയോജിത കൃഷി നടപ്പിലാക്കുന്ന തോട്ടങ്ങൾ പരിഗണിക്കേണ്ടതാണ്.

5. ജൈവകൃഷിയും ജൈവപുനഃചംക്രമണവും നടപ്പിലാക്കുന്ന പദ്ധതിയിലെ കർഷകർക്ക് പരിഗണ നൽകേണ്ടതാണ്.

6. നൂതന കൃഷി രീതികൾ നടപ്പിലാക്കി വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിലേർപ്പെടുന്ന കർഷകരെ പരിഗണിക്കേണ്ടതാണ്.

7. മൂല്യ വർദ്ധിത ഉൽപ്പന്ന നിർമ്മാണവും, സംസ്ക്കരണവും നടപ്പിലാക്കുന്ന തോട്ടങ്ങൾ പരിഗണിക്കേണ്ടതാണ്.

8. പ്രാഥമിക സഹകരണങ്ങളിൽ അംഗങ്ങളായ കർഷകർക്ക് മുൻഗണന നൽകണം.

9. പാക്കേജ് ഓഫ് പ്രാക്ടീസ് പ്രകാരവും നാളികേര വികസന ബോർഡ് നൽകുന്ന നിർദ്ദേശങ്ങളും അനുസരിച്ച് പദ്ധതി നടപ്പിലാക്കാൻ തയ്യാറുള്ള കർഷകരെ മാത്രമേ അവസാന തെരഞ്ഞെടുപ്പിൽ ഉൾപ്പെടുത്തി ഈ പദ്ധതിയുടെ ഭാഗമാക്കുകയുള്ളൂ.

സെക്ഷൻ ഓഫീസർ